ബോർഡിന് വരുത്തുകയും ചെയ്തു എന്നുള്ളതാണ് കേസിനാസ്പദമായ ആരോപണങ്ങൾ.

(ബി) ഈ കേസിൽ പ്രതിയായിട്ടുള്ളത് എസ്.എൻ.സി. ഷാവിനിഗിൻ (M/s. SNC. SHAWINIGIN INC) എന്ന കനേഡിയൻ കമ്പനിയാണ്.

(സി) 12/97-നുശേഷം പ്രസ്തുത കമ്പനിക്ക് കരാറുകൾ ഒന്നും നൽകിയിട്ടില്ല.

(ഡി)(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

122 (266) സബ് സ്റ്റേഷനുകളുടെ നിർമ്മാണം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുവത്തൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; സബ്സ്റ്റേഷന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) സ്ഥലം അക്വയർ ചെയ്യുന്നതിന് ബോർഡിൽ നിന്നും, സർക്കാരിൽനിന്നും ഉത്തരവുകൾ നൽകികഴിഞ്ഞു. സ്ഥലമെടുപ്പു നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തിയായിക്കഴിഞ്ഞാൽ നിർമ്മാണം ആരംഭിക്കുന്നതാണ്.

(ബി)&(സി) ഉണ്ട്. കാസർകോട് ജില്ലയിൽ, അനന്തപുരം, കാസർകോട്, ബദിയടുക്ക, പെർള, ബേലൂർ, നീലേശ്വരം, വെസ്റ്റ് എളേരി, തൃക്കരിപ്പൂർ എന്നീ സ്ഥലങ്ങളിൽ എസ് 33 കെ.വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇവ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

123 (267) കക്കാട് ജലവൈദ്യുത പദ്ധതി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കാട് ജലവൈദ്യുത പദ്ധതി വൈദ്യുതി ഉൽപ്പാദനത്തിന് ക്രമീകരണമായോ എന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ എത്ര ജനറേറ്ററുകൾ പ്രവർത്തനക്ഷമമായിട്ടുണ്ട്;

(സി) ഈ പദ്ധതി സമയബന്ധിതമായി തീർക്കുന്നതിന് ഈ സർക്കാർ എടുത്ത നടപടികൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly